# ഇടശ്ശേരി ഗോവിന്ദൻനായർ
# ലഘുജീവചരിത്രം
## പ്രൊഫ: കെ. ഗോപാലകൃഷ്ണൻ

ഈ നൂറ്റാണ്ടിന്റെ ഒന്നാം ദശകത്തിലാണ് ഇടശ്ശേരിയുടെ ജനനം. കൃത്യം പറഞ്ഞാൽ 1906 ഡിസമ്പർ 23–ാം തീയ്യതി ഞായറാഴ്ച. ജന്മനക്ഷത്രം ഉത്രട്ടാതി, പൊന്നാനിക്കാരനായിട്ടാണ് ജീവിച്ചതെങ്കിലും ഇടശ്ശേരി ജനിച്ചത് കുറ്റിപ്പുറത്തുള്ള തറവാട്ടുവീട്ടിലാണ്. മാതാപിതാക്കൾ ഇടശ്ശേരിക്കളത്തിൽ കുഞ്ഞുകുട്ടിയമ്മയും സാൾട്ട്ശിപായി പി. കൃഷ്ണക്കുറുപ്പും.

ധനസ്ഥിതി മോശമല്ലാത്ത മരുമക്കത്തായ തറവാടുകളിൽ പോലും അനന്തിരവന്മാരുടെ വിദ്യാഭ്യാസകാര്യങ്ങൾ ശ്രദ്ധിക്കപ്പെടാതിരുന്ന കാലം. ഇടശ്ശേരിത്തറവാടാകട്ടെ, ദാരിദ്ര്യത്തിന്റെ പിടിയിൽ പെട്ടും കഴിഞ്ഞിരുന്നു. 1921–ൽ കൃഷ്ണക്കുറുപ്പ് ഈ ലോകം വിട്ടു. പ്രാഥമികവിദ്യാഭ്യാസത്തോടെ ഗോവിന്ദന്റെ പഠിപ്പും അവസാനിച്ചു. എങ്ങനെയെങ്കിലും മകനെ ഹൈസ്ക്കൂളിൽ ചേർക്കണമെന്ന് കുഞ്ഞികുട്ടിയമ്മ മോഹിച്ചു. പക്ഷെ നടന്നില്ല. എന്തെങ്കിലും പണിയെടുത്ത് അമ്മയ്ക്കു നാഴി കഞ്ഞികൊടുക്കാനെന്തുവഴി എന്നായി മകന്റെ ചിന്ത. അയാൾ മാതൃഷ്വസേയനായ ശങ്കരൻനായരൊന്നിച്ച് ആലപ്പുഴയ്ക്ക് പുറപ്പെട്ടു. വക്കീൽ ഗുമസ്തൻ പണി പഠിക്കാൻ. പഠിപ്പിന്റെ കാലത്ത് പ്രതിഫലമില്ല, ചെലവുകഴിയും, അത്രതന്നെ.

ആലപ്പുഴവെച്ച് ആദ്യം കൈയിൽ വന്ന സംഖ്യ രണ്ടുറുപ്പികയായിരുന്നു, പഠിപ്പിന്റെ കൂട്ടത്തിൽ തരപ്പെടുത്തിയെടുത്ത ട്യൂഷന്റെ രണ്ടുമാസത്തെ മാസപ്പടി. ശങ്കരേട്ടന്റെ ദൃഷ്ടിയിൽ പെടുന്നതിന്നു മുമ്പ് അതുകൊണ്ട് അമ്മയ്ക്ക് ഒരു പുതപ്പ് വാങ്ങിയയക്കാൻ ഓർത്തിരിക്കുമ്പോഴാണ് ഒരു കുറ്റിപ്പുറത്തുകാരൻ ആലപ്പുഴ വന്നത്. പണം അയാളെ ഏല്പിച്ചു. അതു കൈനീട്ടി വാങ്ങാൻ, പക്ഷെ ആ അമ്മയ്ക്കു യോഗമുണ്ടായില്ല. വസൂരി പിടിച്ച് കിടപ്പിലായിരുന്ന അവർ, പണവുംകൊണ്ട് ആളെത്തുന്നതിന്റെ തലേന്ന് അന്ത്യശ്വാസം വലിച്ചു. 'ബിംബിസാരന്റെ ഇടയ'നിൽ ഒരിടത്ത് വിങ്ങിപ്പൊട്ടുന്ന തേങ്ങൽ ഈ വീടാക്കടമോർത്തുള്ളതാണ്.

ശങ്കരേട്ടന്റെ കീഴിൽ പത്തുമാസത്തെ പരിശീലനത്തിനുശേഷം ആലപ്പുഴയിൽത്തന്നെ വക്കീൽ എ. കൃഷ്ണമേനോന്റെ അസിസ്റ്റന്റ് ക്ലാർക്കായി ചേർന്ന് അദ്ദേഹത്തോടൊപ്പം താമസം തുടങ്ങി. ഇക്കാലത്താണ് വക്കീൽ സി. എൻ. നാരായണപ്പിള്ളയുടെ ഗുമസ്ഥൻ മാഞ്ഞൂർ പരമേശ്വരൻ പിള്ളയുമായി പരിചയപ്പെട്ടത്. ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പ്യാർ, വെൺമണിമാർ, നടുവത്തച്ഛൻ തുടങ്ങിയവരുടെ ഏതാനും കൃതികൾ, പിന്നെ വള്ളത്തോളിന്റെ ശിഷ്യനും മകനും. ഇത്രയുമായിരുന്നു ഇതിനുമുമ്പ് ഇടശ്ശേരി പരിചയിച്ച കാവ്യപ്രപഞ്ചം. പരമേശ്വരൻപിള്ളയുമായുള്ള സംസർഗം അദ്ദേഹത്തിന്റെ ആസ്വാദന മണ്ഡലത്തെ വളരെ വികസിപ്പിച്ചു. സാഹിത്യഭ്രാന്തന്മാരായ ഈ വക്കീൽഗുമസ്ഥന്മാർക്ക് തങ്ങളുടെ തൊഴിൽപുരയിൽ നിന്ന് ഏറെ അഭിനന്ദനം ലഭിച്ചില്ല. വള്ളത്തോളിന്റെ കൊച്ചുസീത മലയാള മനോരമയിൽ ഖണ്ഡശ: പ്രസിദ്ധപ്പെടുത്തിയിരുന്ന കാലം. അതു ചൂടോടെ വായിക്കാൻ ആലപ്പുഴ ബോട്ടുജെട്ടിയിൽ ചെന്ന് കാത്തിരുന്ന ഈ കൂട്ടുകാർ വക്കീലാപ്പീസിന്റെ കാര്യംതന്നെ മറന്നു! കക്ഷികളാകട്ടെ, ഗുമസ്ഥന്മാരെക്കാണാതെ അവിടെയിരുന്ന് വിയർത്തും പോയി!

ഗുമസ്ഥപ്പണിഗുരുക്കന്മാർ ശിഷ്യന്മാരുടെ 'അമ്മായിശ്ലോകക്കമ്പ'ത്തെ കഠിനമായി അധിക്ഷേപിച്ചു. അവരുടെ മുമ്പിൽ വിനയം വിടാൻ മടിച്ച ഇടശ്ശേരിക്ക് കവിതയുമായുള്ള ബന്ധം രഹസ്സമാഗങ്ങളിൽ ഒതുക്കേണ്ടിയും വന്നു. ഏഴുകൊല്ലത്തെ പരിശീലനത്തിനു ശേഷം വേണ്ടത്ര ആത്മവിശ്വാസമില്ലാതെയാണ് അദ്ദേഹം നാട്ടിൽ തിരിച്ചെത്തിയത്.

കൂട്ടുകാരനായ മാഞ്ഞൂർ പരമേശ്വരൻപിള്ളയെ ദാരിദ്ര്യം വിട്ടുമാറിയില്ല. പിൽക്കാലത്ത് ഇദ്ദേഹം പലപ്പോഴും ഇടശ്ശേരിയെ കാണാൻ പൊന്നാനിയിൽ എത്തുമായിരുന്നു. സ്വന്തം ദാരിദ്ര്യക്ലേശങ്ങളിൽ കൈകാലിട്ടടിക്കുന്ന ഇടശ്ശേരി, പിള്ള തിരിച്ചുപോകുമ്പോൾ പരമരഹസ്യമായി, ജാനകിയമ്മയെപോലും അറിയിക്കാതെ അല്പം പണം എങ്ങനെയെങ്കിലും അദ്ദേഹത്തിന്റെ കീശയിൽ നിക്ഷേപിക്കാൻ മറക്കാറില്ലത്രേ.

1929–30 കാലത്ത് ഗോവിന്ദൻനായർ കോഴിക്കോട്ട് തലാശ്ശേരി കുഞ്ഞിരാമമേനോന്റെ ഗുമസ്ഥനായി ജോലിനോക്കി. ഇന്നത്തെ ചെറുപ്പക്കാർക്ക് ഗൾഫ്നാടുകളിലേയ്ക്ക് എന്നപോലെ അന്നുള്ളവർക്ക് പെനാങ്, സിംഗപ്പൂർ എന്നിവിടങ്ങളിലേക്കായിരുന്നു ദൃഷ്ടി. ഒരു സിംഗപ്പൂർ പദ്ധതി ഇടശ്ശേരിയും തയ്യാറാക്കി, കോഴിക്കോട്ടുനിന്ന് നാട്ടിലേയ്ക്ക് മടങ്ങുകയും ചെയ്തു. പക്ഷെ കഷ്ടകാലത്തിന്ന് ഇടശ്ശേരിയെ കൊണ്ടുപോകാമെന്നേറ്റ മനുഷ്യൻ സിംഗപ്പൂർക്കല്ല പരലോകത്തേയ്ക്കാണ് തിരിച്ചത്. ഗുമസ്ഥപ്പണി വിട്ടുപോന്നത് മാത്രം ലാഭം.

അങ്ങനെ ഉഴന്നുനടന്നു കുറച്ചുകാലം. പഞ്ചായത്തു കോടതിയിലെ പാറവക്കീൽപ്പണി ഒന്നു പരീക്ഷിച്ചുനോക്കി. ഭേദം ഗുമസ്ഥപ്പണിതന്നെ എന്നു ബോദ്ധ്യപ്പെട്ടതിനാൽ പൊന്നാനിയിൽ ഒന്നുരണ്ടുകൊല്ലം അതുതന്നെ പയറ്റിനോക്കി. അവസാനം 1934–ൽ വലിച്ചെറിഞ്ഞാലും വേർപെട്ടു പോകാത്ത ഗുമസ്ഥപ്പണിതന്നെ സ്ഥിരം ലാവണമാക്കി ഏറ്റെടുത്തു, പൊന്നാനിയിലെ അഡ്വക്കേറ്റ് കെ.വി. രാമമേനോന്റെ ഓഫീസിൽ മരണം വരെ അത് കണിശമായി കൊണ്ടുനടക്കുകയും ചെയ്തു എന്നുകൂടി പറഞ്ഞ് ഇടശ്ശേരിയുടെ ഔദ്യോഗികജീവിതകഥ മുഴുമിക്കയാവും ഭംഗി. കോടതിയുടേയും കക്ഷികളുടേയുമിടയ്ക്കു നിന്നുകൊണ്ട് ആ മഹാപുരുഷൻ അനുഷ്ഠിച്ചുപോന്ന ദൈനന്ദിന യജ്ഞങ്ങളെക്കുറിച്ച് പൊന്നാനിക്കാരുടെ മനസ്സിൽ ഇന്നും നനവു വിടാതെ കിടക്കുന്ന നൂറായിരം സ്മരണകൾ കടലാസിൽ പകർത്തിയിടാൻ ആരെക്കൊണ്ടാണ് സാധിക്കുക? സാധിച്ചാൽത്തന്നെ അങ്ങനെ അവയെ അശുദ്ധമാക്കേണ്ട കാര്യമെന്ത്?

1938 ജനുവരി മധ്യത്തിൽ (1113 മകരം 2–ാം തീയ്യതി) ഇടക്കണ്ടി ജാനകിയമ്മയെ ഇടശ്ശേരി വിവാഹം കഴിച്ചു. ഇതിനു മുമ്പുതന്നെ ജാനകിയമ്മയുടെ അമ്മാവൻ രാഘവൻനായർ സ്വന്തം വീട്ടിലേക്ക് ഇടശ്ശേരിയെ സ്നേഹപൂർവ്വം ക്ഷണിച്ചു കൂട്ടിക്കൊണ്ടു പോന്നിരുന്നു. 'ശങ്കരാചാര്യരുടെ കീർത്തനങ്ങൾ മുതൽ

'പുഷ്പബാണവിലാസ'ത്തിന്ന് ഞാൻ കുത്തികുറിച്ചിട്ടിരുന്ന പരിഭാഷവരെയുള്ള നിരവധി കൃതികൾ, പദ്യരൂപത്തിലാണെന്നുള്ള ഒരേ കാരണംകൊണ്ട് ഒരേ നോട്ടുപുസ്തകത്തിൽ പകർത്തി വെയ്ക്കാൻ മാത്രം കവിതക്കമ്പവും വിഡ്ഢിത്തവുമായി ഒരു വധുവിനെ എനിയ്ക്കു വേണ്ടിത്തന്നെയാവണം ബ്രഹ്മാവ് കരുതി വെച്ചിരുന്നത്.' എന്നാണ് ഇടശ്ശേരിക്ക് പറയാനുള്ളത്. മരണംവരെ അദ്ദേഹത്തിന് കാവ്യരചനാവേളകളിൽ നിത്യപ്രചോദനവും ആത്മവിശ്വാസവുമരുളിപ്പോന്ന ആ മനസ്വിനി ഗതകാലസ്മരണകളുടെ അറ്റുപോയ കണ്ണി കൂട്ടിയിണക്കാൻ പാടുപെട്ടുകൊണ്ട് മക്കളോടൊപ്പം തൃശ്ശൂരിലെ 'കുങ്കുമ'ത്തിൽ നാൾ കഴിക്കുന്നു.*

പന്ത്രണ്ടാം വയസ്സിൽ കവിത കുറിച്ചു തുടങ്ങി ഗോവിന്ദൻ എന്നാണ് കേൾവി. തന്റെ പഴയ നാലുകെട്ടിനകത്ത് ഇതിന്നു തക്കൊരു കാലാവസ്ഥ ആ വിദ്യാർത്ഥിക്ക് ഒരുങ്ങിക്കിട്ടിയിരുന്നു എന്നു കരുതാൻ പ്രയാസം. രാമായണം നിത്യപാരായണം ചെയ്യുന്ന അമ്മ, പുരാണ കഥകൾ വായിക്കുകയും പറഞ്ഞു കൊടുക്കുകയും ചെയ്യുന്ന ജ്യേഷ്ഠത്തി – ഇവരായിരുന്നു ഇടശ്ശേരിയിലെ കവിതാവാസനയെ നുള്ളി ഉണർത്തിയത് ഈണത്തിൽ കവിത വായിച്ചിരുന്ന സാഹിത്യരസികനായ പ്രാഥമിക പാഠശാലാമലയാളാധ്യാപകൻ ശങ്കുണ്ണി മേനോനെ ഈ ഘട്ടത്തിൽ ഓർക്കാതെ പോകുന്നത് ഇടശ്ശേരിയുടെ ആത്മാവിന്ന് ഇഷ്ടമാവുകയില്ല.

എട്ടാം ക്ലാസുകാരനായ ഇടശ്ശേരി ഇംഗ്ലീഷിലും സംസ്കൃതത്തിലും സാമാന്യവ്യുൽപത്തി നേടിയത് സ്വന്തം പരിശ്രമം കൊണ്ടായിരുന്നു. നാലപ്പാട്ടു നാരായണമേനോനും കുട്ടികൃഷ്ണമാരാരും ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്.

ക്ഷേത്രദർശനത്തിൽ താത്പര്യം കാണിച്ചിരുന്നില്ലെങ്കിലും തികഞ്ഞ ആസ്തികനായിരുന്നു ഇടശ്ശേരി. എന്നാൽ പലരും ധരിച്ചുവെച്ച പോലെ ശാക്തേയനായിരുന്നില്ല അദ്ദേഹം. അമ്പാടിയിലേയ്ക്കു വീണ്ടും, വരദാനം, കാശാവു പൂത്തു, ഗോപികാഗോവിന്ദം, പുതുമുള, ത്രിവിക്രമന്നു മുമ്പിൽ, പാൽക്കടൽ കടയുമ്പോൾ എന്നിങ്ങനെ എത്രയോ കവിതകൾ വൈഷ്ണവ ചിന്തയുടെ സന്തതികളായി ചൂണ്ടിക്കാണിക്കാനാവും. ഇതിനെല്ലാം പുറമെ ശ്രീകൃഷ്ണനിൽ ആത്മാർപ്പണം ചെയ്തു കൊണ്ട് ഒരു ദീർഘകാവ്യമെഴുതാൻ ഇടശ്ശേരി ആത്മാർഥമായും ആഗ്രഹിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ സഹധർമ്മിണിയിൽനിന്ന് അറിയാൻ കഴിഞ്ഞു. പൂതപ്പാട്ടും കാവിലെ പാട്ടും എഴുതിയ കവിക്ക് ഉത്സവാദികൾ ഇഷ്ടമായിരുന്നില്ല. തന്റെ ജീവിതത്തിന്റെ ഉത്തരാർദ്ധത്തിൽ പ്രത്യേകിച്ചും അദ്ദേഹം അവയിലത്ര താത്പര്യം കാണിച്ചുമില്ല.

സ്വാതന്ത്ര്യസമരകാലത്ത് ദേശീയവാദികളുടെ മുൻപന്തിയിൽ നിന്ന ഗാന്ധിഭക്തനായിരുന്നു ഇടശ്ശേരി. ഗുരുവായൂർ സത്യഗ്രഹ കാലത്തും ക്വിറ്റിന്ത്യാ സമരഘട്ടത്തിലും പൊന്നാനിയിൽ ഉണർന്ന ആവേശത്തിന്റെ പിന്നിൽ ഇടശ്ശേരിയായിരുന്നു ഒരു ഊർജകേന്ദ്രം. ഗാന്ധിശിഷ്യനായ കേളപ്പജിയായിരുന്നു അദ്ദേഹത്തിന്റെ നേതാവ്, കേളപ്പജിക്ക് അദ്ദേഹം ഉറ്റ സുഹൃത്തും. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന് ജയിൽവാസവും മർദനവും സഹിച്ച് മരണമടഞ്ഞ കൃഷ്ണപ്പണിക്കരുടെ സ്മാരകമായി ഒരു വായനശാല പൊന്നാനിയിൽ സ്ഥാപിച്ചത് ഇടശ്ശേരിയുടെ ആദ്യവസാനത്തിലായിരുന്നു. ഒരു കാലത്ത് കൃഷ്ണപ്പണിക്കർ സ്മാരകവായനശാല പൊന്നാനിയുടെ സിരാകേന്ദ്രമായിരുന്നു; കുട്ടികൃഷ്ണമാരാർ, ഇടശ്ശേരി, പി.സി.കുട്ടികൃഷ്ണൻ, ഈ. നാരായണൻ, വി.ടി. ഭട്ടതിരിപ്പാട്, കടവനാട് കുട്ടിക്കൃഷ്ണൻ, അക്കിത്തം തുടങ്ങിയവരുടെ നിത്യസമ്മേളനരംഗമായ സാഹിത്യക്കളരിയായിരുന്നു. അഭ്യുദയകാംക്ഷികളുടെ വിലക്കുകൾ വകവെക്കാതെ 'സ്വതന്ത്രഭാരതം' എന്ന രഹസ്യപത്രം വിതരണം ചെയ്യുന്നതിനു പോലും ഇടശ്ശേരിക്കു കൂസലുണ്ടായിരുന്നില്ല. സ്വാതന്ത്ര്യസമരകാലത്ത് ജയിലിൽ പോകാനിടവന്നില്ലെങ്കിലും പലപ്പോഴും അദ്ദേഹത്തെ പോലീസുകാർ പിന്തുടർന്ന് വീട്ടിലെത്തിച്ചിട്ടുണ്ടത്രെ!

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽക്കണ്ട രാഷ്ട്രീയാന്തരീക്ഷം ഇടശ്ശേരിയെ നിരാശപ്പെടുത്തി. ഒരു രാഷ്ട്രീയകക്ഷിയോടും യോജിച്ചുപോകാൻ അദ്ദേഹത്തിന്റെ മനസ്സാക്ഷി കൂട്ടാക്കിയില്ല.

വെളിച്ചം തൂകീടുവോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം
(പൊട്ടി പുറത്ത് ശിവോതി അകത്ത്)

എന്നാണ് ഇടശ്ശേരിയുടെ തത്വശാസ്ത്രം. തന്റെ ആസ്തികൃത്തെക്കുറിച്ചും രാഷ്ട്രീയ നിലപാടിനെക്കുറിച്ചും ഇടശ്ശേരിതന്നെ പറയുന്നതു കേൾക്കുക:

'ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എക്കാലവും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനേയും സ്നേഹശൂന്യതയേയും പ്രതിപാദിക്കേണ്ടിവരുമ്പോൾ ആസ്തികസാധാരണമായ വിനയവും തത്വശാസ്ത്രങ്ങളുടെ നേർക്കു വേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്. ഇതുകാരണം ഗാന്ധിയെപ്പിടിച്ചു പലപ്പോഴും ആണയിടാറുള്ള കവിയുടെ പല കവിതകളിലും ഗാന്ധിസത്തെ ധിക്കരിക്കുന്നതോ ആസ്തികതയെത്തന്നെ ചോദ്യം ചെയ്യുന്നതോ ആയ ആശയഗതികൾ ചിതറിക്കിടക്കുന്നതു കാണാം. ഗാന്ധിഭക്തനും മാർക്സിയൻ തത്വശാസ്ത്രമെന്തെന്ന് പഠിക്കാത്തവനുമായ ഒരുവൻ കേവലം വസ്തുനിഷ്ഠമായി എഴുതിപ്പോയ ചില കാവ്യങ്ങൾ പലതും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചാരണ സാഹിത്യശേഖരത്തിലേയ്ക്ക് പാകമായി. ജീവിതപരാജയത്തിന്ന് ഒരു കാരണംകൂടി. കോൺഗ്രസ്സുകാർക്ക് ഞാൻ ചുകന്ന പാർട്ടിക്കാരനാണ്; ചോപ്പന്നോ, ഞാൻ വെള്ളത്തൊപ്പിക്കാരനും! പക്ഷെ മറന്നുകൂടാ, കവിയുടെ സ്വൈര്യജീവിതത്തിന് ഇതിലേറെ ഉപകരിച്ചിട്ടുള്ള മറ്റൊന്നുമില്ല.'

വാസ്തവത്തിൽ കൂട്ടുകൃഷി എന്ന നാടകമാണ് തന്നേയും തന്റെ കവിതയേയും സഹൃദയലോകത്തിന്ന് പരിചയപ്പെടുത്തിക്കൊടുത്തത് എന്ന് ഇടശ്ശേരി വിശ്വസിക്കുന്നു. 'കൂട്ടുകൃഷി'ക്കും 'പുത്തൻകലവും അരിവാളും' എന്ന കാവ്യസമാഹാരത്തിന്നും മദ്രാസ് ഗവൺമെന്റിന്റെ അവാർഡുകിട്ടി. കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റായി നിരുപധികം കൊല്ലത്തിൽ 600 ക.യും ലഭിച്ചുതുടങ്ങി. ഇതോടെയാണ് ദാരിദ്ര്യത്തിന്ന് തെല്ലൊരു ശമനം വന്നത്.

1968ൽ പ്രസിദ്ധപ്പെടുത്തിയ 'ഒരു പിടി നെല്ലിക്ക'യ്ക്ക് കേരളസാഹിത്യ അക്കാദമിയുടെ അവാർഡുകിട്ടി. കാവിലെ പാട്ട് കേന്ദ്ര സാഹിത്യ അക്കാദമിയുടെ ദേശീയ അവാർഡു (1970) നേടിയ കൃതിയാണ്.

ജീവിതകാലത്ത് സ്വന്തം നാട്ടിൽ ഇത്ര ജനസമ്മിതിയും ആദരവും സ്നേഹവും സമ്പാദിക്കാൻ കഴിഞ്ഞ എത്ര മനുഷ്യന്മാരെ നമ്മുടെ സാഹിത്യകാരന്മാർക്കിടയിൽ കണ്ടെത്താനാകും? സ്വദേശിയരായ ആ ഗ്രാമീണരാകട്ടെ, തങ്ങളുടെ സ്നേഹഭാജനമായ ആ വക്കീൽ ഗുമസ്ഥൻ, ഒരു മഹാകവി കൂടിയാണെന്ന സത്യം ലോകം മുഴുക്കെ പരസ്യമാകുന്നതുവരെ തീരെ മനസ്സിലാക്കിയിരുന്നുമില്ല!

സ്വന്തം തെറ്റിന്നു മാപ്പുകൊടുക്കാത്തവനും സ്വന്തം മക്കളെ ഏറെ താലോലിക്കാത്തവനുമായ ഇടശ്ശേരി, മറ്റുള്ളവരുടെ ഏതു തെറ്റും പൊറുക്കുവാൻ മഹാമനസ്കത കാട്ടിയിരുന്നു. അന്യന്റെ അപരാധങ്ങൾ സ്വന്തം തലയിൽ ഏറ്റിവെച്ച് പ്രായശ്ചിത്തം ചെയ്യാൻ സന്നദ്ധനുമായിരുന്നു. കുടുംബക്ലേശംകൊണ്ട് പൊറുതി മുട്ടിയ ഒരു സ്നേഹിതൻ ഒരവസരത്തിൽ പൊതുപണം തിരിമറി ചെയ്ത് ജയിലിൽ പോകുമെന്നുറപ്പായപ്പോൾ അയാളെ രക്ഷിക്കാൻ ഇടശ്ശേരി ആ അപരാധം തന്റേതായി പ്രഖ്യാപിക്കമാത്രമല്ല, സ്വന്തം കുടിയിരിപ്പ് പണയപ്പെടുത്തിയ രേഖയുമായിചെന്ന് ബാധ്യതയേറ്റെടുക്കുകയും ചെയ്ത കഥ അങ്ങാടിപ്പാട്ടാണ്. താനറിയാതെ തന്റെ സാന്നിദ്ധ്യം കൊണ്ട് അദ്ദേഹം ചെറുപ്പക്കാരിയായ ഒരു സ്കൂൾ അധ്യാപികയ്ക്ക് വഴിവക്കിലെ പൂവാലന്മാരിൽനിന്നുള്ള നിതൃശല്യം തീർത്തുകൊടുത്തതായും കേട്ടിട്ടുണ്ട്. നാടകപ്പിരിവിന്നുചെന്നപ്പോൾ മുഖം കറുപ്പിച്ച മുൻസിഫിന്റെയും പത്നിയുടേയും മുമ്പിൽ തലയുയർത്തിനിന്ന് ഉരലയ്ക്കുപ്പേരി പോലെ മറുപടി കൊടുത്ത വക്കീൽ ഗുമസ്ഥനാണദ്ദേഹം. കുട്ടിക്കു മരുന്നു വാങ്ങാൻ അദ്ദേഹം കടം വാങ്ങി പോക്കറ്റിലിട്ട പണം മരുന്നുപീടികക്കടുത്തെത്തുന്നതിനുമുമ്പ്, വെയ്ക്കാനരിയില്ലാത്ത ഏതെങ്കിലും ഏഴയുടെ കൈയിൽ എത്തിച്ചേർന്ന സന്ദർഭങ്ങളും കുറവല്ല. അനുഭവസ്ഥരായ പൊന്നാനിക്കാർക്ക് ഈ സംഭവങ്ങൾ അത്ഭുതങ്ങളല്ല. പുറം നാട്ടുകാർക്ക് ഇക്കാലത്ത് ഈ കഥകൾ കേട്ടാൽ വിശ്വാസം വരുമോ?

1974 ഒക്ടോബർ 16–ാം തീയ്യതി കാലത്ത് ചായ കഴിച്ചുകൊണ്ടിരിക്കേ ഭാര്യയുടെയും ചെറിയ മകൾ ഉഷയുടെയും സാന്നിധ്യത്തിൽ വെച്ച് അവരുടെ സർവ്വസ്വമായിരുന്ന ആ കുടുംബനാഥനെ, ആത്മാഭിമാനിയും സരളചിത്തനും ദയാപരനുമായ ആ മഹാപുരുഷനെ മൃത്യു അപഹരിച്ചുകളഞ്ഞു.

* ഇ. ജാനകിയമ്മ 27.9.88 ൽ അന്തരിച്ചു.